പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നിയമസഭാ നടപടികൾ – സംഗ്രഹം

2012 ജൂൺ 19, ചൊവ്വ

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

അടിയന്തരപ്രമേയം

രാസവളങ്ങളുടെ വില വർദ്ധനവ്

മി. സ്പീക്കർ : രാസവളങ്ങളുടെ വിലവർദ്ധനവും കൃഷിച്ചെലവിലെ വർദ്ധനവും കാർഷിക ഉല്പന്നങ്ങളുടെ വിലക്കുറവും സംഭരണമില്ലായ്മയും മൂലം കൃഷിക്കാർ ബുദ്ധിമുട്ടുന്നുവെന്നും താങ്ങുവിലയ്ക്ക് നെല്ല് സംഭരിക്കാത്തതിനാലും സംഭരിച്ചതിന് വില നൽകാത്തതിനാലും സംസ്ഥാനത്തെ കാർഷികരംഗം അരക്ഷിതാവസ്ഥയിലായിരിക്കുന്നുവെന്നും പറയപ്പെടുന്ന സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. മുല്ലക്കര രത്നാകരൻ, എം. ചന്ദ്രൻ, ജോസ് തെറ്റയിൽ, എ.എ.അസീസ്, എ.കെ.ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : 2010 ഏപ്രിൽ 1 മുതൽ യൂറിയ ഒഴികെയുള്ള രാസവളങ്ങളുടെ വില നിയന്ത്രണാധികാരം നിർമ്മാണ കമ്പനികൾക്ക് നൽകിയതിനാലും കേന്ദ്രം കേരളത്തിന് അനുവദിച്ച സബ്സിഡി നിറുത്തലാക്കിയതിനാലും ഉല്പാദനച്ചെലവിനും ഇറക്കുമതി ചെലവിനുമുണ്ടാകുന്ന വ്യതിയാനങ്ങൾക്കനുസരിച്ച് കമ്പനികൾ രാസവളങ്ങൾക്ക് പലതവണ വില വർദ്ധിപ്പിച്ചു. ആലപ്പുഴ, ഇടുക്കി, കൊല്ലം, പത്തനംതിട്ട, തിരുവനന്തപുരം ജില്ലകളിൽ യൂറിയയുടെയും കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ പൊട്ടാഷിന്റേയും ലഭ്യതക്കുറവുണ്ട്. എം.ഒ.പി. വളത്തിന് 11 പ്രാവശ്യം വില വർദ്ധിപ്പിച്ചതുമൂലം കേരളത്തിലെ കർഷകർ നേരിടുന്ന പ്രതിസന്ധിക്ക് അടിയന്തര പരിഹാരം കാണുന്നതിനായി പ്രധാനമന്ത്രി അടക്കം കേന്ദ്ര മന്ത്രിമാരുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരാനും നെല്ലിനും വാഴയ്ക്കുമുള്ള സബ്സിഡി വർദ്ധിപ്പിക്കാനും തെങ്ങിന് നൽകി വരുന്ന സബ്സിഡി തുടരാനും ഇന്നലെ ചേർന്ന സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് നൽകുന്ന രാസവളത്തിന്റെ അളവ് വർദ്ധിപ്പിക്കണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെടുകയും കർഷക കടാശ്വാസ കമ്മീഷന്റെ കാലാവധി നീട്ടുകയും ചെയ്തിട്ടുണ്ട്. കൂടാതെ നെല്ല് സംഭരിച്ചതിന് കർഷകർക്ക് നൽകാനുള്ള കുടിശ്ശിക വിതരണം ചെയ്യുന്നതിനായി 38 കോടി രൂപ അനുവദിക്കുകയും 162 കോടി രൂപ സപ്ലിമെന്ററി ഗ്രാന്റായി ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

ശ്രീ. മുല്ലക്കര രത്നാകരൻ : രാസവളത്തിന്റെയും പെട്രോളിന്റെയും വില നിശ്ചയിക്കാനുള്ള അവകാശം കുത്തക കമ്പനികൾക്ക് നൽകിയ

തിലൂടെ മാസംതോറും രാസവളത്തിന്റെ വില വർദ്ധിക്കുകയും കർഷകർ ഉൾപ്പെടെയുള്ള സാധാരണക്കാരുടെ ജീവിതം ദുസ്സഹമായിക്കൊണ്ടിരിക്കുക യുമാണ്. സബ്സിഡി ഇനത്തിൽ നെല്ലിനും പച്ചക്കറിക്കും കൊടുക്കാൻ അധികമായി വേണ്ടിവരുന്ന 110 കോടി രൂപ ധനകാര്യ വകുപ്പ് അനുവദിക്കു മോയെന്ന് വ്യക്തമാക്കണം. കർഷക പെൻഷൻ കഴിഞ്ഞ 8 മാസമായി കൊടുക്കാൻ കഴിഞ്ഞിട്ടില്ല. കോർപ്പറേറ്റുകൾ കൃത്രിമക്ഷാമം സൃഷ്ടി ക്കുന്നതിനാൽ കർഷകർക്ക് വളം സമയത്ത് കിട്ടാതിരിക്കുന്ന സാഹചര്യമാ ണുള്ളത്. കേന്ദ്ര ഗവൺമെന്റ് ആവശ്യമുള്ള യൂറിയ ഇറക്കുമതി ചെയ്യണം. കോർപ്പറേറ്റുകളെ സഹായിക്കുന്ന ഗവൺമെന്റ് നയം തിരുത്തണം. നെല്ല് സംഭരിച്ച വകയിൽ

കർഷകർക്ക് നൽകാനുള്ള. 200 കോടി രൂപ നൽകണം. നെല്ലിന്റെ സംഭരണവില കിലോയ്ക്ക് 20 രൂപയായി ഉയർത്തണം. ഉൽപ്പാദനച്ചെലവു മായി ബന്ധപ്പെട്ട് നെല്ലിന്റെ വില നിശ്ചയിക്കാനുള്ള അവകാശം കർഷ കരുടെ സംഘടനകൾക്ക് കൊടുക്കണം. കാർഷിക മേഖലയിലെ രാസവള ത്തിന്റെ വിലവർദ്ധനവുൾപ്പെടെയുള്ള കാര്യങ്ങൾ കേന്ദ്രത്തെ അറിയിക്കാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ): 60 വയസ്സ് കഴിഞ്ഞ കർഷകർക്ക് പുതു തായി നിശ്ചയിച്ച 400 രൂപ പെൻഷനും കർഷക പെൻഷൻ കുടിശ്ശികയും ഓണത്തിനുമുൻപ് കൊടുക്കുന്നതാണ്. നെല്ലിന്റെ താങ്ങുവില കൂട്ടിയതനു സരിച്ച് സംഭരണ വില കൂട്ടാൻ കഴിയുമോ എന്ന് പരിശോധിക്കുന്നതാണ്.

നെല്ലുസംഭരണത്തിന്റെ കാര്യത്തിൽ ഈ ഗവൺമെന്റ് കർഷകർക്ക് സഹായകരമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇന്നലത്തെ പ്രത്യേക ക്യാബിനറ്റിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട്. രാസവളങ്ങളുടെ വില നിയന്ത്രണാതീതമായി വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പൊട്ടാഷ് ഒഴിച്ചുള്ള രാസവളങ്ങളുടെ വില നിയന്ത്രണത്തിനുള്ള അവകാശം കമ്പനികൾക്ക് നൽകിയത് ശരിയായില്ല. നെൽ കൃഷിക്കാർക്ക് ഹെക്ടറിന് 4,000 രൂപയായി സബ്സിഡി വർദ്ധിപ്പിക്കാനും വാഴകൃഷിക്കാർക്ക് ഹെക്ടറിന് ആയിരം രൂപ വച്ച് പുതുതായി സബ്സിഡി കൊടുക്കാനും തീരുമാനിച്ചിട്ടുണ്ട്. തെങ്ങ് കൃഷിക്ക് കൊടുത്തുകൊണ്ടിരിക്കുന്ന സബ്സിഡി തുടരുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ രാസവിള വിലവർദ്ധനവ് സംബന്ധിച്ച അഭിപ്രായം കേന്ദ്രഗവൺമെന്റിനെ അറിയിക്കുന്നതാണ്. നെല്ല് സംഭരിച്ചതു വഴി കർഷകന് കൊടുക്കാനുണ്ടായിരുന്ന കുടിശ്ശികയിൽ 38 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. ബാക്കിയുള്ളത് അടുത്തയാഴ്ചയോടുകൂടി വിതരണം ചെയ്യുന്നതാണ്. ആത്മഹത്യ ചെയ്ത കുട്ടനാട്ടിലെ കർഷകന് നെല്ല് സംഭരത്തിലെ കുടിശ്ശിക തുക ലഭിക്കാനുണ്ടോയെന്ന് അന്വേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. സംഭരണ വില കർഷകന് നേരിട്ട് യഥാസമയം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെയാണ് ബാങ്കുകൾ വഴി നേരിട്ട് കൊടുക്കാൻ തീരുമാനിച്ചത്. നെല്ലിന്റെ സംഭരണ വില കൂട്ടുന്ന കാര്യം പരിശോധിക്കുന്നതാണ്.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ) : കിട്ടുന്ന വളം കർഷകർക്ക് എത്തിക്കുക

യെന്നതാണ് ഈ സർക്കാരിന്റെ ലക്ഷ്യം. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മി. സ്പീക്കർ : 22-ാം തീയതി വെള്ളിയാഴ്ച രാസവളങ്ങളുടെ വില കുറയ്ക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഈ സഭ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നുവെന്ന ശ്രീ. എം.പി. വിൻസെന്റിന്റെ അനൗദ്യോഗിക പ്രമേയം സഭയുടെ പരിഗണനയ്ക്ക് വരുന്നുണ്ട്. അന്ന് ഈ വിഷയങ്ങൾ ചർച്ച ചെയ്യാവുന്നതാണ്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി.എസ്. അച്ചുതാനന്ദൻ) : ഈ വിഷയം സംബന്ധിച്ച് 22-ാം തീയതി സഭയിൽ അനൗദ്യോഗിക പ്രമേയം ചർച്ചയ്ക്ക് കൊണ്ടുവരുന്നതിനാൽ ഇപ്പോൾ വാക്കൗട്ട് നടത്തുന്നില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

ശ്രദ്ധക്ഷണിക്കൽ

(1) വിമാനയാത്രക്കാർ നേരിടുന്ന പ്രശ്നങ്ങൾ

ശ്രീ. എ.എം. ആരിഫ് : കഴിഞ്ഞ 43 ദിവസങ്ങളായി എയർ ഇൻഡ്യാ പൈലറ്റുമാർ നടത്തിവരുന്ന സമരത്തിന്റെ ഫലമായി കേരളത്തിൽ പ്രതി ദിനം 20 ഫ്ളൈറ്റുകൾ ക്യാൻസൽ ചെയ്യപ്പെടുന്നതിനാൽ മധ്യവേനൽ അവധിക്കായി നാട്ടിലെത്തുന്നവർക്കും തിരികെ പോകുന്നവർക്കും വളരെ യധികം ബുദ്ധിമുട്ടുകൾ അനുഭവപ്പെടുകയാണ്. കൂടുതൽ ഫ്ളൈറ്റ് സർവ്വീസുകൾ നടത്തുകയും വർദ്ധിപ്പിച്ച യാത്രാചാർജ്ജ് കുറയ്ക്കു കയും ചെയ്യണം. യന്ത്രത്തകരാറുകൾ മൂലമുള്ള ഫ്ളൈറ്റ് ക്യാൻസലേഷൻ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിന് ഗൾഫ് മേഖലകളിലേയ്ക്ക് പുതിയ വിമാന ങ്ങൾ അനുവദിക്കണം. ഇന്ത്യൻ എയർലൈൻസും എയർ ഇന്ത്യയും

സംയോജിപ്പിക്കുന്നത് സംബന്ധിച്ച് ജസ്റ്റീസ് ഡി.എം. ധർമ്മാധികാരി കമ്മീഷൻ റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കാൻ കേന്ദ്രമന്ത്രാലയത്തോട് ആവശ്യപ്പെടണം. മലയാളി പൈലറ്റുമാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഇടപെടണം. വിസാ ക്യാൻസലേഷൻ, സ്കൂളിന്റെ അഡ്മിഷൻ, കണ്ടിന്യൂഷേൻ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കാൻ നോർക്കയുടേയും നോർക്കാ റൂട്ട്സിന്റേയും ജില്ലാതല എമർജൻസി സെല്ലുകൾ തുറക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പൈലറ്റുമാരുടെ സമരത്തെത്തുടർന്ന് തിരുവനന്തപുരം വിമാനത്താവളത്തിൽനിന്ന് ഗൾഫ് സെക്ടറിലേയ്ക്ക് ആഴ്ചയിൽ എയർ ഇന്ത്യ നടത്തിയിരുന്ന 17 സർവ്വീസുകൾ വെട്ടിക്കുറച്ച് 11 ആയി റീഷെഡ്യൂൾ ചെയ്യുകയും കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിൽനിന്ന് എയർഇന്ത്യ നടത്തിയിരുന്ന 104 സർവ്വീസുകളും കോഴിക്കോട് എയർപോർട്ടിൽ നിന്നുളള 14 സർവ്വീസുകളും റദ്ദാക്കുകയും ചെയ്തിരിക്കുകയുമാണ്. ഡൽഹിയിലും തിരുവനന്തപുരത്തുമുളള ഓഫീസുകളിൽ ബന്ധപ്പെട്ടപ്പോൾ യാത്രാക്കാരുടെ ആവശ്യപ്രകാരം ടിക്കറ്റ് തുകകൾ തിരികെ നല്കിയും മറ്റ് കമ്പനികളിലെ വിമാനങ്ങളിൽ യാത്രാസൗകര്യമൊരുക്കിയും ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ ശ്രമിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുളളത്. ഗൾഫിൽ കുടുങ്ങിക്കിടക്കുന്നവരെ കൊണ്ടുവരാൻ നോർമൽ റേറ്റിൽ ചാർട്ടേർഡ് ഫ്ളൈറ്റ് ഏർപ്പെടുത്താൻ എയർ ഇന്ത്യ തയ്യാറാകണമെന്നും സീസൺ സമയത്ത് ചാർജ്ജ് വർദ്ധിപ്പിക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഗൾഫ് വിമാനയാത്രക്കാരുടെ പ്രശ്നങ്ങൾ കേന്ദ്രഗവണ്മെന്റിന്റെ ശ്രദ്ധ

യിൽപ്പെടുത്തി ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് പരമാവധി ശ്രമിക്കുന്നതാണ്.

(2) <u>പുതുതലമുറ ബാങ്ക്/ഇൻഷ്വറൻസ് കമ്പനികളുടെ ചൂഷണം</u>

<u>ശ്രീ. ജോസഫ് വാഴക്കൻ</u>: സാധാരണ ജനങ്ങളുടെ കോടിക്കണക്കിന് രൂപ ശാസ്ത്രീയമായ തട്ടിപ്പിലൂടെ പുതുതലമുറ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും കൈക്കലാക്കിക്കൊണ്ടിരിക്കുകയാണ്. സമ്പാദ്യം മുഴുവൻ ഇത്തരം സ്ഥാപനങ്ങളിൽ നിക്ഷേപിച്ചവരിൽ പലരും ഇത് സംബന്ധിച്ച യാഥാർത്ഥ്യം തിരിച്ചറിഞ്ഞ് പകച്ചുനിൽക്കുകയാണ്. നിക്ഷേപിക്കുന്നതിന്റെ രണ്ടും മൂന്നും ഇരട്ടി തുക തിരിച്ച് ലഭിക്കുമെന്നും ഇൻകം ടാക്സ് ഇളവുണ്ടാകുമെന്നും ആരോഗ്യ-അപകട ഇൻഷ്വറൻസ് പരിരക്ഷയുണ്ടെന്നും മിനിമം ഗ്യാരന്റിയുണ്ടെന്നുമൊക്കെയുള്ള വാഗ്ദാനങ്ങളും പ്രലോഭനങ്ങളും നൽകിയാണ് ഇവർ സാധാരണക്കാരിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നത്. ആദ്യം അടയ്ക്കുന്ന തുകയുടെ 45 ശതമാനം സർവ്വീസ് ചാർജ്ജായി കൈക്കലാക്കുകയും കാലാവധിക്കുശേഷം ഓഹരി വിപണിയിലുണ്ടായ തകർച്ചയുടെ പേരുപറഞ്ഞ് നിക്ഷേപിച്ച തുക പോലും തിരിച്ച് കിട്ടാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ചാൽ ലാഭമുണ്ടാകുമെന്ന് പറഞ്ഞ് വീണ്ടും കെണിയിൽപ്പെടുത്തുകയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. സർക്കാർ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മേധാവികളെ വിളിച്ച് ഇതിന്റെ വ്യവസ്ഥകളെക്കുറിച്ച് അന്വേഷിച്ച് നിജസ്ഥിതി ജനങ്ങളെ ബോദ്ധ്യപ്പെടുത്തുകയും മുന്നറിയിപ്പ് നൽകുകയും ചെയ്യണം. ഈ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ നിയമം കൊണ്ടുവരുന്നതിനെക്കുറിച്ച് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തണം. ഈ സ്ഥാപനങ്ങളെ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പുതുതലമുറ ബാങ്കുകളും ഇൻഷ്വറൻസ് കമ്പനികളും മ്യൂച്വൽ ഫണ്ടുകളിലേയ്ക്ക് നിക്ഷേപം ഇരട്ടിയാകുമെന്ന വാഗ്ദാനം നൽകി ഡെപ്പോസിറ്റ് വാങ്ങുകയും ഫൈനൽ സെറ്റിൽമെന്റിന്റെ സമയത്ത് സർവ്വീസ് ചാർജ്ജായി വലിയ തുക ഈടാക്കുകയും ഷെയർ മാർക്കറ്റിൽ നഷ്ടമായിരുന്നു എന്ന് പറയുകയും ചെയ്ത് നിക്ഷേപകരെ കബളിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ബാങ്കിംഗും ഇൻഷ്വറൻസും സംബന്ധിച്ച് നിയമം പാസ്സാക്കാൻ പാർലമെന്റിനാണ് അധികാരമുള്ളത്. സംസ്ഥാന ഗവൺമെന്റ് ഈ വിഷയം റിസർവ്വ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്; ഇൻഷ്വറൻസ് റഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റിയാണ് ഇൻഷ്വറൻസ് പോളിസിയുൾപ്പെടെയുള്ള കാര്യങ്ങൾ അപ്രൂവ് ചെയ്യുന്നത്. വ്യക്തമായി കബളിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിൽ പോലീസിനെ സമീപിക്കാവുന്നതാണ്. മറ്റ് നിയന്ത്രണങ്ങൾ വരുത്താൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ഈ വിഷയം മുഖ്യമന്ത്രിയുമായി ചർച്ച ചെയ്ത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ഇൻഷ്വറൻസ് റഗുലേറ്ററി ഡവലപ്മെന്റ് അതോറിറ്റിയെ അലർട്ട് ചെയ്യുന്നതിന് നിർദ്ദേശം കൊടുക്കുകയും ചെയ്യുന്നതാണ്. സംസ്ഥാന ഗവൺമെന്റിന്റെ എക്സോർബിറ്റന്റ് ഇന്ററസ്റ്റ് തടയുന്നതിനുള്ള നിയമങ്ങൾ പ്രാബല്യത്തിൽ വരുന്നതോടെ നോൺ ബാങ്കിംഗ് സെക്ടറിൽ നിയന്ത്രണങ്ങളേർപ്പെടുത്താൻ സാധിക്കുന്നതാണ്.

സബ്മിഷൻ

(1) വിദ്യാർത്ഥി സമരത്തിനുനേരെയുണ്ടായ ലാത്തിച്ചാർജ്ജ്

ശ്രീ. വി. ശിവൻകുട്ടി: എസ്.എഫ്.ഐ.യുടെ ഇടുക്കി ജില്ലാ വൈസ് പ്രസിഡന്റായിരുന്ന അനീഷ് രാജ് കൊലചെയ്യപ്പെട്ട് മൂന്നുമാസമായിട്ടും കേസിലെ യഥാർത്ഥ പ്രതികളെ അറസ്റ്റ് ചെയ്യാത്തതിൽ പ്രതിഷേധിച്ച് തലസ്ഥാന നഗരിയിൽ ഇന്നലെ സമരം ചെയ്ത വിദ്യാർത്ഥികളെ പോലീസ് ക്രൂരമായി മർദ്ദിക്കുകയുണ്ടായി. ഇതുമൂലം ഏഴ് വിദ്യാർത്ഥികൾ പരിക്കേറ്റ് ആശുപത്രിയിൽ കഴിയുകയാണ്. എസ്.എഫ്.ഐ.യുടെ പാളയം ഏരിയാ കമ്മിറ്റി സെക്രട്ടറിയെ ഗുരുതരാവസ്ഥയിൽ ഐ.സി. യൂണിറ്റിലും പ്രവേശിപ്പിച്ചിരിക്കുകയാണ്. പോലീസ് വിദ്യാർത്ഥികൾക്ക് നേരെ ഗ്രനേഡുകൾ എറിയുകയും പെൺകുട്ടികളെ ലാത്തിച്ചാർജ് ചെയ്യുകയും ചെയ്ത അത്യന്തം മനുഷ്യത്വരഹിതമായ നടപടികളാണ് സ്വീകരിച്ചത്. മുഖ്യമന്ത്രിയുടേയും ആഭ്യന്തര വകുപ്പുമന്ത്രിയുടെയും ആഫീസിൽ നിന്നുമുള്ള പ്രത്യേക ടീമാണ് മർദ്ദനം നടത്തുന്നതിന് ആസൂത്രണം ചെയ്തിട്ടുള്ളത്.. കുറ്റക്കാരായ പോലീസ് ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്താൻ തയ്യാറാകണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): എസ്.എഫ്.ഐ.യുടെ ഇടുക്കി ജില്ലാ പ്രസിഡന്റ് അനീഷ് രാജിന്റെ കൊലപാതകികളെ അറസ്റ്റ് ചെയ്യണമെന്നാവശ്യപ്പെട്ട് നൂറോളം എസ്.എഫ്.ഐ. പ്രവർത്തകർ കരിങ്കൽ കഷണങ്ങളും വടിവാളുകളും മറ്റുമായി യൂണിവേഴ്സിറ്റി കോളേജിന്റെ മുൻവശത്ത് പ്രതിഷേധ പ്രകടനം നടത്തുകയുണ്ടായി. വിദ്യാർത്ഥികൾ അല്ലാത്തവർ പോലീസിനെ ആക്രമിക്കുകയും കോളേജിനകത്തുകടന്ന് പോലീസിനുനേരെ കല്ലെറിയുകയും

ചെയ്തു. ക്രമസമാധാനം തകർക്കാൻ ആരെയും അനുവദിക്കുകയില്ല.. അനീഷ് രാജിന്റെ കൊലപാതകത്തെ സംബന്ധിച്ച് അന്വേഷിക്കുന്നതിന് ചുമതലപ്പെടുത്തിയ ഡി.ജി.പി.യുടെ റിപ്പോർട്ട് ലഭിച്ചശേഷം അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ആഭ്യന്തരമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഇന്നുതന്നെ സമര നേതാക്കളെ വിളിച്ച് ചർച്ച ചെയ്യാൻ തീരുമാനിച്ചിട്ടുണ്ട്. അനീഷ് രാജിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട അന്വേഷണത്തെക്കുറിച്ചും ഇന്നലെ തലസ്ഥാന നഗരിയിലുണ്ടായ അക്രമത്തെ സംബന്ധിച്ചും ചർച്ച ചെയ്ത് തീരുമാനമെടുക്കുന്നതാണ്.

(2) ജനവാസ കേന്ദ്രങ്ങളെ ഒഴിവാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. റോഷി അഗസ്റ്റിൻ: പശ്ചിമഘട്ട മലനിരകളിലെ പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് പ്രൊഫ. മാധവ് ഗാഡ്ഗിൽ സമിതി റിപ്പോർട്ടിലെ പല ശുപാർശകളും കേരളത്തിലെ മലയോര മേഖലകളെ ദോഷകരമായി ബാധിക്കുന്നതും സംസ്ഥാനത്തിന്റെ വികസന പ്രതീക്ഷകളെ തകർക്കുന്നതുമാണ്. വയനാട്, ഇടുക്കി, കണ്ണൂർ, പാലക്കാട്, പത്തനംതിട്ട, കൊല്ലം ജില്ലകളും തിരുവനന്തപുരം ജില്ലയിലെ പല താലൂക്കുകളും റിപ്പോർട്ടിലെ സോൺ-1-ൽ ഉൾപ്പെടുത്തിയിരിക്കുന്നത് വളരെയേറെ പ്രത്യാഘാതമുണ്ടാക്കും. ജനവാസ കേന്ദ്രങ്ങളുടെ ആവാസ വ്യവസ്ഥയ്ക്ക് യോഗ്യമല്ലാത്ത പ്രസ്തുത റിപ്പോർട്ട് പരിഗണിക്കാൻ കഴിയില്ല എന്ന് സഭ പ്രമേയം പാസ്സാക്കി കേന്ദ്ര സർക്കാരിനെ അറിയിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണം സംബന്ധിച്ച് പ്രൊഫ. മാധവ് ഗാഡ്ഗിൽ സമിതി തയ്യാറാക്കിയ റിപ്പോർട്ടിലെ ശുപാർശകൾ പലതും കേരളത്തിന്റെ സാഹചര്യത്തിൽ

അപ്രായോഗികമായതിനാൽ റിപ്പോർട്ടിലെ 9 കാര്യങ്ങളിൽ വിയോജിപ്പ് രേഖപ്പെടുത്തി കേന്ദ്ര സർക്കാരിന് കത്തെഴുതിയിട്ടുണ്ട്. ഇക്കാര്യം വിശദമായി പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ ഒരു വിദഗ്ദ്ധ സമിതിയെ തീരുമാനിക്കുന്നതാണ്.

(3) ജസ്റ്റിസ് മജീദിയ വേജ് ബോർഡ് ശുപാർശകൾ

ശ്രീ. വി.എസ്. സുനിൽ കുമാർ: ജസ്റ്റിസ് മജീദിയ വേജ് ബോർഡ് ശുപാർശകളുടെ അടിസ്ഥാനത്തിൽ പത്ര മാധ്യമ രംഗത്തെ മാനേജുമെന്റുകളുമായും യൂണിയനുകളുമായും ചർച്ച നടത്തി പത്ര മാധ്യമ രംഗത്തെ ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്ക്കരിക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി): ജസ്റ്റീസ് മജീദിയ വേജ് ബോർഡ് ശുപാർശകൾ പ്രകാരമുള്ള വേജസ് നടപ്പാക്കിയിട്ടുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിന് എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥർക്ക് ലേബർ ഡിപ്പാർട്ട്മെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. ശുപാർശകൾ നടപ്പിലാക്കുന്ന കാര്യം മോണിട്ടർ ചെയ്യുന്നതിന് വേജ് ബോർഡ് മോണിട്ടറിംഗ് കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ട്. ബോർഡിന്റെ ശുപാർശകൾ പത്രസ്ഥാപനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടോയെന്ന് പ്രത്യേകം പരിശോധിക്കുന്നതാണ്.

(4) തിരൂർ പുഴയിലേക്ക് മാലിന്യങ്ങൾ പുറന്തള്ളുന്നത് സംബന്ധിച്ച്

ശ്രീ. സി. മമ്മൂട്ടി: ഹോട്ടലുകളിൽനിന്നും ആശുപത്രികളിൽനിന്നും തിരൂർ പുഴയിൽ മാലിന്യം തള്ളുന്നത് തടയുന്നതിനും പുഴയിലെ മാലിന്യം നീക്കം ചെയ്യുന്നതിനും തിരൂരിൽ സിവറേജ് സിസ്റ്റം സ്ഥാപിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): തിരൂർ റവന്യൂ ഡിവിഷണൽ ഓഫീസറുടെ നേതൃത്വത്തിൽ തിരൂർ പുഴയിലെ മലിനീകരണം നിയന്ത്രിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. പുഴയിലേയ്ക്ക് മാലിന്യങ്ങൾ ഒഴുക്കുന്നത് കർശനമായി നിയന്ത്രിക്കുന്നതിന് നോട്ടീസ് കൊടുത്തിട്ടുണ്ട്. മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനായി തിരൂർ നഗരത്തിൽ സിവറേജ് പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

. (5) സബ്ട്രഷറി അനുവദിക്കുന്നത് സംബന്ധിച്ച്

ശ്രീ. കെ. ശിവദാസൻ നായർ: ആറന്മുള ആസ്ഥാനമായി സബ് ട്രഷറി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സബ് ട്രഷറി അനുവദിക്കുന്നതിനായി തയ്യാറാക്കിയിട്ടുള്ള മാനദണ്ഡങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് ആറൻമുള ആസ്ഥാനമായി സബ്ട്രഷറി അനുവദിക്കുന്നതാണ്.

(6) കർഷക ആത്മഹത്യ

ശ്രീ. കെ.വി. വിജയദാസ്: കാർഷിക ഉത്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കിയും കാർഷിക വായ്പകൾ എഴുതിത്തള്ളിയും കാർഷിക യന്ത്രങ്ങളുടെ വാടക കുറച്ചും കർഷകർക്ക് ആശ്വാസം നൽകി ആത്മഹത്യ തടയുന്നതിന് നടപടി സ്വീകരിക്കണം.

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ): സംയോജിത ഇടപെടൽ നടത്തി കർഷകരെ ആത്മഹത്യയിൽ നിന്നും പിന്തിരിപ്പിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പും പഞ്ചായത്തുകളും കർഷകർക്കായി നടപ്പാക്കുന്ന

എല്ലാ പദ്ധതികളിലൂടെയും ഉല്പാദനോപാധികൾക്കുള്ള സഹായധനം ലഭ്യമാക്കുന്നുണ്ട്. 15 രൂപ നിരക്കിൽ സിവിൽ സപ്ലൈസ് കോർപ്പറേഷൻ നെല്ല് സംഭരിച്ചിട്ടുണ്ട്. കൊപ്രയ്ക്ക് ന്യായവില ലഭിക്കുന്നതുവരെ കേരഫെഡും മാർക്കറ്റ്ഫെഡും കൊപ്ര സംഭരിക്കുന്നതാണ്. സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ കൂട്ടായി ഡ്രയർ സ്ഥാപിക്കുകയാണെങ്കിൽ 50 ശതമാനം സബ്സിഡി നൽകുന്നതാണ്. കാർഷിക യന്ത്രങ്ങളുടെ വാടക കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(7) പെൻഷൻ കുടിശ്ശിക വിതരണം

ശ്രീ. ജോസ് തെറ്റയിൽ : ഈറ്റ, പനമ്പ്, തഴപ്പായ, കാട്ടുവള്ളി തൊഴിലാളികളുടെ പെൻഷൻ കുടിശ്ശിക വിതരണം ചെയ്യുന്നതിനും പ്രതിമാസ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ) : ഈറ്റ, പനമ്പ്, കാട്ടുവള്ളി തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളികൾക്ക് സെപ്റ്റംബർ മാസംവരെയുള്ള പെൻഷൻ നൽകിക്കഴിഞ്ഞു. തനത് ഫണ്ടില്ലാത്തതുകാരണം ഈറ്റ, പനമ്പ്, തഴപ്പായ, കാട്ടുവള്ളി തൊഴിലാളികളുടെ പ്രതിമാസ പെൻഷൻ ആയിരം രൂപയായി വർദ്ധിപ്പിക്കാൻ നിർവ്വാഹമില്ല. മൊത്തത്തിൽ ക്ഷേമ പെൻഷനുകൾ വർദ്ധിപ്പിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യവും പരിഗണിക്കുന്നതാണ്. തൊഴിലാളികൾക്ക് ക്ഷേമ പെൻഷനുകൾ മാസാമാസം അവരുടെ ബാങ്ക് അക്കൗണ്ടുകളിൽ എത്തുന്ന ഒരു സംവിധാനത്തെക്കുറിച്ച് ആലോചിക്കുന്നതാണ്.

(8) <u>കെ.എസ്.ആർ.ടി.സി.യിൽ വിദ്യാർത്ഥികൾക്ക് കൺസഷൻ</u>

<u>ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി</u> : മലപ്പുറം ജില്ലയിലെ കെ.എസ്. ആർ.ടി.സി. ടൗൺ ടു ടൗൺ ബസ്സുകളിലും ഓർഡിനറി ബസ്സുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി (<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>) : കെ.എസ്.ആർ.ടി.സി. ഒരു സ്ഥലത്തും ടൗൺ ടു ടൗൺ ബസ്സ് വിദ്യാർത്ഥികളെ കൊണ്ടുപോകാൻ ഉപയോഗിക്കുന്നില്ല. വിദ്യാർത്ഥികൾക്ക് മാത്രമായി ബസ്സ് ഓടിക്കാൻ കഴിയില്ല. മലബാറിൽ സ്വകാര്യ ബസ്സുകൾ ധാരളമുള്ളതുകൊണ്ട് കെ.എസ്.ആർ.ടി.സി.ബസ്സുകൾ കുറവാണ്. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിക്കുള്ളിൽ നിന്നുകൊണ്ട് ഈ വിഷയം പരിശോധിക്കുന്നതാണ്.

(9) <u>മണൽ പാസ് വിതരണം</u>

<u>ഡോ. കെ.ടി. ജലീൽ:</u> മലപ്പുറം ജില്ലയിലെ മണൽ പാസ് വിതരണം ക്രഡിബിളായ ഉദ്യോഗസ്ഥരെ നിയോഗിച്ച് താലൂക്ക്-വില്ലേജ് ആസ്ഥാനങ്ങ ളിലേക്ക് മാറ്റിക്കൊണ്ട് ഒരു ഏകീകൃത സംവിധാനമുണ്ടാക്കുന്നതിനും ഇപ്പോൾ നിലനിൽക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിനും നടപടി സ്വീകരി ക്കണം.

റവന്യൂവും കയറും വകുപ്പുമന്ത്രി <u>(ശ്രീ. അടൂർ പ്രകാശ്):</u> കടവുകളിൽ മണൽ വാരുന്നതിന് പാസ് നൽകുന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളാണ്. നിശ്ചിത പാസ് പ്രകാരമാണോ മണൽ കൊണ്ടുപോകുന്നത് എന്നറി യുന്നതിന് പോലീസ്, റവന്യൂ ഉദ്യോഗസ്ഥർ പരിശോധന നടത്തുന്നുണ്ട്. 1994-ലെ പഞ്ചായത്തീരാജ് നിയമപ്രകാരം കേരളത്തിലെ 9 നദികൾ ഒഴികെ

യുള്ള നദികളുടെ അധികാരം തദ്ദേശസ്വയംഭരണ വകുപ്പിൽ നിക്ഷിപ്തമായിരിക്കുന്ന സാഹചര്യത്തിൽ മണൽ പാസ് വിതരണം റവന്യൂ വകുപ്പിന്റെ കീഴിലാക്കുന്നത് നിയമപ്രശ്നങ്ങൾക്ക് വഴിവയ്ക്കുമെന്നുള്ളതിനാൽ തൽക്കാലം ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നില്ല.

(10) <u>ജീവനക്കാരുടെ അപര്യാപ്തത</u>

<u>ശ്രീ. പി.സി. ജോർജ്:</u> മുണ്ടക്കയം, ഈരാറ്റുപേട്ട, പൂഞ്ഞാർ, തെക്കേക്കര എന്നീ ഗവൺമെന്റ് ആശുപത്രികളിലെ ഡോക്ടർമാരുടെയും ജീവനക്കാരുടെയും അപര്യാപ്തത പരിഹരിക്കുന്നതിനും കിടത്തിച്ചികിത്സാ സംവിധാനം ഏർപ്പെടുത്തുന്നതിനും പനി പടരുന്നത് തടയുന്നതിന് സ്പെഷ്യൽ ടീമിനെ നിയോഗിക്കുന്നതിനും കോരുത്തോട് പഞ്ചായത്തിൽ അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി <u>(ശ്രീ. വി. എസ്. ശിവകുമാർ):</u> ഈരാറ്റുപേട്ട ഗവൺമെന്റ് ആശുപത്രിയിൽ മൂന്ന് അസിസ്റ്റന്റ് സർജൻമാർ, ഒരു എൻ.ആർ.എച്ച്.എം. ഡോക്ടർ, ഒരു സ്റ്റാഫ് നഴ്സ്, ഒരു ലാബ് ടെക്നീഷ്യൻ, രണ്ട് നഴ്സിംഗ് അസിസ്റ്റന്റുമാർ, മൂന്ന് ഹോസ്പിറ്റൽ അറ്റന്റർമാർ, രണ്ട് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാർ എന്നിവർ ജോലി ചെയ്യുന്നുണ്ട്. ഫീൽഡ്തല പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് നിലവിലുള്ള ഒഴിവുകളിൽ മറ്റ് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽനിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ വിന്യസിക്കുകയും ഒരു സ്റ്റാഫ് നഴ്സിനെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. ലാബിലേക്കാവശ്യമായ പരിശോധനാ കിറ്റുകൾ

വാങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സഞ്ചരിക്കുന്ന പനി ക്ലിനിക്ക് ആരംഭിച്ചുകഴിഞ്ഞു. രോഗ പ്രതിരോധ തീവ്രയജ്ഞത്തിന്റെ ഭാഗമായി ബ്ലോക്ക്തലത്തിൽ ഊർജ്ജിത കർമ്മ പരിപാടികൾക്ക് രൂപം നൽകുകയും വാർഡ്തലത്തിൽ സന്നദ്ധ സ്ക്വാഡുകൾ രൂപീകരിച്ച് കൊതുകിന്റെ ഉറവിട നശീകരണ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നുണ്ട്. ജില്ലാമെഡിക്കൽ ഓഫീസറുടെ നേതൃത്വത്തിലുള്ള ജില്ലാതല സംഘം ഈ ആശുപത്രി സന്ദർശിച്ച് സ്ഥിതിഗതികൾ വിലയിരുത്തിയും കോരുത്തോട് പഞ്ചായത്തിൽ അലോപ്പതി ആശുപത്രി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്. പനിയുടേയും പകർച്ചവ്യാധികളുടേയും ചികിത്സാ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ 209 ഡോക്ടർമാർ ഉൾപ്പെടെ 1902 ജീവനക്കാരെ ആറ് മാസത്തേയ്ക്ക് നിയമിക്കുന്നതിന് ഗവൺമെന്റ് തീരുമാനം എടുത്തിട്ടുണ്ട്. പ്രസ്തുത ഡോക്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തിക്കൊണ്ട് ഈരാറ്റുപേട്ട, പൂഞ്ഞാർ എന്നീ ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം ഏർപ്പെടുത്താനുള്ള നടപടി ഉടൻ സ്വീകരിക്കുന്നതാണ്.

## ധനകാര്യം

### 2012-13 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XII - പോലീസ്

(1187,05,93,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIII - ജയിലുകൾ

(45,82,03,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി (ശ്രീ. കെ.പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ.പി. മോഹനൻ) : പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥന യേയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധി ക്കുന്ന ചട്ടം 236(3) അനുസരിച്ചുള്ള പ്രസ്താവന മേശപ്പുറത്ത് വയ്ക്കുന്നു.

സർവ്വശ്രീ ഇ. ചന്ദ്രശേഖരൻ, വി. ശശി, ചിറ്റയം ഗോപകുമാർ, സി. ദിവാകരൻ, പി. തിലോത്തമൻ, കെ. അജിത്, ഇ.കെ. വിജയൻ, എം. ഹംസ, എളമരം കരീം, കോടിയേരി ബാലകൃഷ്ണൻ, ബി. സത്യൻ, കെ.വി. വിജയദാസ്, കെ.വി. അബ്ദുൾ ഖാദർ, കെ. ദാസൻ, ബി.ഡി. ദേവ സ്സി, രാജു എബ്രഹാം, സാജു പോൾ, സി. കൃഷ്ണൻ, കെ. കുഞ്ഞമ്മത് മാസ്റ്റർ, കെ. കുഞ്ഞിരാമൻ (ഉദുമ), കെ.കെ. നാരായണൻ, ആർ. രാജേഷ്, പുരുഷൻ കടലുണ്ടി, പി.ടി.എ. റഹീം, ഡോ.കെ.ടി. ജലീൽ, പ്രൊഫ. സി. രവീന്ദ്രനാഥ്, ശ്രീമതിമാർ പി. അയിഷാ പോറ്റി, കെ.കെ. ലതിക എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

<u>ശ്രീമതി കെ.കെ. ലതിക</u> : ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിഷ്പക്ഷവും നീതിപൂർവ്വവുമായ ഭരണം നടത്താനും ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകാനും പോലീസിന് അധികാരം കൊടുക്കുകയും ആവശ്യമായ നിയമനിർമ്മാണം നടത്തുകയും ചെയ്ത കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ പ്രവർത്തനങ്ങളിൽനിന്നും വ്യത്യ സ്തമായി രാഷ്ട്രീയ എതിരാളികളേയും ജനകീയ സമരങ്ങളേയും അടിച്ച മർത്താനുള്ള സംവിധാനമായാണ് ഈ ഗവൺമെന്റ് പോലീസ് സേനയെ ഉപയോഗപ്പെടുത്തുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്ത്രീപീഡനവും വർഗ്ഗീയ അക്രമങ്ങളും കുട്ടികൾക്കുനേരെയുള്ള പീഡ നവും വർദ്ധിച്ചുവരുന്നുണ്ടെങ്കിലും ഇക്കാര്യങ്ങളിൽ സർക്കാർ വേണ്ടത്ര രീതിയിൽ ഇടപെടുന്നില്ല. അവകാശങ്ങൾ സംരക്ഷിക്കാൻ സമരം ചെയ്യുന്ന വിദ്യാർത്ഥികളെ തെരുവിലിട്ട് തല്ലിച്ചതയ്ക്കുകയും കൊലപാ തക കേസ്സുകളിലെ പ്രതികളെ സംരക്ഷിക്കുകയും ചെയ്യുന്ന രണ്ടുതരം സമീപനമാണ് ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ജനകീയ സമരങ്ങളെ പോലീസിനെ ഉപയോഗിച്ച് അടിച്ചമർത്തുന്നത് ശരിയല്ല.

<u>ശ്രീ. കെ. മുരളീധരൻ:</u> ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ഭരണം ജനങ്ങൾ നന്നായി വിലയിരുത്തിയതു കൊണ്ടാണ് ഒരു വർഷത്തിനുള്ളിൽ നടന്ന രണ്ട് ഉപതിരഞ്ഞെടുപ്പുകളിലും ഐക്യജനാധിപത്യമുന്നണിക്ക് തിളക്കമാർന്ന വിജയം കൈവരിക്കാൻ കഴിഞ്ഞത് . ജനാധിപത്യത്തിൽ ആശയങ്ങൾ തമ്മിലുള്ള പോരാട്ടമാണ് നടക്കുന്നത്. കൊലപാതക രാഷ്ട്രീയം മാർക്സിസ്റ്റ് പാർട്ടിയെ എവിടെ കൊണ്ടെത്തിച്ചു എന്നത് സ്വയം വിലയിരുത്തുന്നത് നന്നായിരിക്കും. പ്രതിപക്ഷം ശക്തമാണെങ്കിലേ ഭരണപക്ഷം ശ്രദ്ധാപൂർവ്വം മുന്നോട്ട് നീങ്ങു

കയുള്ളൂ. അനീഷ് രാജിന്റെ കൊലപാതകത്തിന്റെ പേരിൽ യൂണിവേഴ്സിറ്റി കോളേജിനെ ആക്രമണ കേന്ദ്രമാക്കി മാറ്റുന്നത് ശരിയായ നടപടിയല്ല. വനിതാ കൗൺസിലർമാർ മാലിന്യ പ്രശ്നം ഉന്നയിച്ചതിന്റെ പേരിൽ അക്രമിക്കപ്പെട്ടത് തികച്ചും പ്രതിഷേധാർഹവും നിന്ദ്യവുമാണ്. അക്രമ രാഷ്ട്രീയം ഒരിക്കലും വിജയിക്കില്ല എന്ന തിരിച്ചറിവ് ഓരോരുത്തർക്കും ഉണ്ടാകണം. സംസ്ഥാനത്തെ ക്രമസമാധാനം പരിരക്ഷിക്കുന്നതിലുൾപ്പെടെ മുഖ്യമന്ത്രിയും ആഭ്യന്തര വകുപ്പുമന്ത്രിയും നടത്തിയ ഒരു വർഷത്തെ സ്തുത്യർഹമായ സേവനത്തിന് ജനങ്ങൾ നൽകിയ അംഗീകാരമായി പിറവത്തെയും നെയ്യാറ്റിൻകരയിലെയും വിജയത്തെ കാണാവുന്നതാണ്.

ശ്രീ. പി. തിലോത്തമൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. തിരുവനന്തപുരത്ത് വിദ്യാർത്ഥികൾക്കുനേരെ നടന്നുവരുന്ന പോലീസ് അതിക്രമം പരിഷ്കൃത സമൂഹത്തിനാകെ അപമാനമാണ്. വിദ്യാർത്ഥി-യുവജന സമരങ്ങളെ അടിച്ചമർത്താനുള്ള പോലീസ് സേനയുടെ ശ്രമം നമ്മുടെ നാടിന് യോജിച്ചതല്ല. തലസ്ഥാന നഗരിയിൽ പോലീസുകാർ എസ്.എഫ്.ഐ. നേതാക്കളെ തല്ലിച്ചതച്ച സംഭവത്തെക്കുറിച്ച് പ്രതികരിക്കാൻപോലും ആഭ്യന്തര വകുപ്പുമന്ത്രിക്ക് കഴിയുന്നില്ല. എസ്.എഫ്.ഐ. നേതാക്കളെ ക്രൂരമായി മർദ്ദിച്ച പോലീസുകാർക്കെതിരെ അന്വേഷണം നടത്താൻ തയ്യാറാകണം. പോലീസ് സേനയിലെ ക്രിമിനലുകളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചിരിക്കുന്നു. പോലീസ് സേന ഈവിധം അധ:പതിക്കുന്നത് പരിഷ്കൃത സമൂഹത്തിന് യോജിച്ചതല്ല. പോലീസിന്റെ ക്രൂരമായ നടപടികളെക്കുറിച്ച് കൂട്ടായി ചർച്ച ഉണ്ടാകണം. ആഭ്യന്തര വകുപ്പിൽ നടമാടുന്ന ജനാധിപത്യ വിരുദ്ധ നടപടികൾക്കെതിരെ കർക്കശ നിലപാട് സ്വീകരിക്കണം. പോലീസിനെ കയറൂരി വിടാൻ ഒരിക്കലും അനുവദിക്കരു

ത്. പോലീസ് സേനയിലെ ക്യാമ്പ് ഫോളോവേഴ്സിന്റെ പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരം കാണണം.

ശ്രീ. കെ. എൻ. എ. ഖാദർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരള പോലീസ് മാതൃകാപരവും ലോകനിലവാരവുമുള്ള സേനയാണെന്ന് പ്രമാദമായ വധക്കേസുകളിലെ അന്വേഷണത്തിലൂടെ വ്യക്തമാക്കപ്പെട്ടിരിക്കുകയാണ്. പൂർണ്ണ സ്വാതന്ത്ര്യം നൽകിയാൽ പോലീസിന് തെളിയിക്കാൻ കഴിയാത്തതായി ഒന്നുമില്ലെന്ന് വ്യക്തമായിരിക്കുകയാണ്. ടി.പി. ചന്ദ്രശേഖരൻ വധക്കേസ് അന്വേഷിച്ച പ്രത്യേക പോലീസ് അന്വേഷണ സംഘവും നിശ്ചയദാർഢ്യത്തോടെ നേതൃത്വം കൊടുക്കുന്ന ആഭ്യന്തര വകുപ്പുമന്ത്രിയും പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു. പോലീസ് സേനയിലെ ക്രിമിനലുകളുടെ എണ്ണത്തിൽ കുറവുണ്ടാകണമെങ്കിൽ ഓരോ രക്ഷിതാക്കളും കുട്ടികളെ ക്രിമിനലുകളായി വളർത്താതിരിക്കാൻ ശ്രദ്ധിക്കണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച പോലീസ് ഉദ്യോഗസ്ഥർ തന്നെയാണ് സാഹസികമായി ഈ കൊലപാതക ക്കേസുകൾ തെളിയിച്ചിട്ടുള്ളത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ നിലപാടുകളോട് പ്രതിപക്ഷനേതാവിനുപോലും അനുകൂലമായ സമീപനമാണെന്ന് തെളിഞ്ഞിട്ടുണ്ട്. രാഷ്ട്രീയ കൊലപാതകങ്ങൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. രാഷ്ട്രീയപരമായി ആശയഭിന്നതയുള്ളവരെ ഇല്ലാതാക്കാൻ ശ്രമിക്കുന്നതും ജനാധിപത്യത്തിലുള്ള ജനങ്ങളുടെ വിശ്വാസം തകർക്കാൻ ശ്രമിക്കുന്നതും ശരിയായ പ്രവണതയല്ല. അക്രമരാഷ്ട്രീയംകൊണ്ട് ഒരു രാഷ്ട്രീയ പാർട്ടിക്കും ഭാവിയില്ലായെന്നുള്ള വസ്തുത മനസ്സിലാക്കണം.

ശ്രീ. സി.കെ. നാണു: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നിയമസഭാംഗങ്ങളെ സ്വാധീനിച്ച് രാജിവയ്പ്പിക്കുകയും വീണ്ടും ഉപതെരഞ്ഞെടുപ്പിൽ മത്സരിപ്പിച്ച് ഭൂരിപക്ഷം നിലനിർത്താൻ ശ്രമിക്കുകയും ചെയ്യുന്ന സർക്കാരിന്റെ തെറ്റായ നടപടികൾ അവസാനിപ്പിക്കണം. വടകരയിലുള്ള പഴയ ജയിൽ പരിഷ്ക്കരിക്കുന്നതിനും അവിടത്തെ അന്തേവാസികളുടെ പാർപ്പിട സൗകര്യം മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കണം. ഒഞ്ചിയത്ത് മരണപ്പെട്ട സഖാവിന് സുരക്ഷ ഏർപ്പാടാക്കാത്ത സർക്കാരിന്റെ നിലപാട് പ്രതിഷേധാർഹമാണ്. കൊലപാതകത്തെക്കുറിച്ച് നിഷ്പക്ഷമായ അന്വേഷണം നടത്തി നിജസ്ഥിതി പുറത്തുകൊണ്ടുവരണം. സർക്കാരിന്റെ തെറ്റായ രാഷ്ട്രീയ നയങ്ങൾക്കെതിരെ പ്രക്ഷോഭം നയിക്കുന്ന വിദ്യാർത്ഥി നേതാക്കളേയും വിദ്യാർത്ഥികളേയും പോലീസിനെ ഉപയോഗിച്ച് ക്രൂരമായി മർദ്ദിക്കുന്ന സർക്കാരിന്റെ സമീപനം അവസാനിപ്പിക്കണം. ഒരു രീതിയിലുള്ള അക്രമത്തേയും അനുകൂലിക്കുന്ന നയം പ്രതിപക്ഷം സ്വീകരിക്കില്ല. വടകര മണ്ഡലത്തിൽ ഒരു നല്ല രാഷ്ട്രീയ പ്രവർത്തകൻ കൊലചെയ്യപ്പെട്ടതിൽ ഇവിടെയുള്ള മറ്റാരെക്കാളും എനിക്ക് ഖേദമുണ്ട്. ആ കേസിലെ കുറ്റവാളികൾ ശിക്ഷിക്കപ്പെടണം. ജനാധിപത്യത്തിന്റെ മാഹാത്മ്യവും അക്രമത്തിനെതിരായി തത്വശാസ്ത്രവും പറയുന്നവർ പോലീസ് ചാർജ്ജ് ചെയ്ത ഒരു കേസിലെ പ്രതിക്ക് നിയമസഭാനടപടയിൽ പങ്കെടുക്കാൻ അവസരമുണ്ടാക്കിയിരിക്കുകയാണ്. കഴിഞ്ഞ കാലത്തുള്ള തത്വശാസ്ത്രങ്ങളുടെ പശ്ചാത്തലത്തിൽ ഇവിടെ നടക്കുന്ന അനീതിയെ ന്യായീകരിക്കാൻ ശ്രമിക്കരുത്.

ശ്രീ. പി.സി ജോർജ്: ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കൊലപാതകരാഷ്ട്രീയം നിറുത്തുമെന്ന് പ്രഖ്യാപിക്കാൻ പ്രതിപക്ഷം തയ്യാ

റാകണം. സംസ്ഥാനത്തെ പ്രശ്നങ്ങൾ പ്രത്യയശാസ്ത്രപരമാണെന്ന് വ്യാഖ്യാനിക്കാമെങ്കിലും അതിന്റെ പിന്നിലുള്ള കാര്യങ്ങളെല്ലാം സാമ്പത്തിക ശാസ്ത്രത്തിൽ അധിഷ്ഠിതമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. മരണപ്പെട്ട ശാരിയോടും അനഘയോടും കഴിഞ്ഞ ഗവൺമെന്റ് നീതി കാണിച്ചിട്ടില്ല എന്ന കാര്യം മറക്കരുത്. സിപി.എം. ഇപ്പോൾ സമ്പന്നന്മാരുടെ പാർട്ടിയായി കോടാനുകോടി രൂപയുടെ സ്വത്തിന്റെ ഉടമയായി ഒരു കോർപ്പറേറ്റ് പാർട്ടിയായി മാറിയിരിക്കുന്നു. കൂത്തുപറമ്പ് സംഭവം പോലെ രക്തസാക്ഷികളെ സൃഷ്ടിക്കുന്ന സമ്പ്രദായം സി.പി.എം. അവസാനിപ്പിക്കണം. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകിക്കൊണ്ട് നിയമം നടപ്പിലാക്കാൻ ശ്രമി ക്കുന്ന ഗവൺമെന്റിന്റെ പ്രവർത്തനങ്ങൾ രാജ്യത്തിന് അഭിമാനകരമാണ്

ശ്രീ. എ.കെ. ശശീന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിലുണ്ടായ വിജയത്തിൽ അഭിമാനി ക്കാനോ കേരളത്തിന് നല്ലൊരു സന്ദേശം കൊടുക്കാനോ യു.ഡി.എഫ്-ന് കഴിയുന്നില്ല. പോലീസിന്റെ ക്രിമിനൽവൽക്കരണത്തെക്കുറിച്ച് മാധ്യമങ്ങ ളിൽ ചർച്ചാവിഷയമായിരിക്കുകയാണ്. ക്രിമിനൽ സ്വഭാവമുള്ള പോലീസ് ഉദ്യോഗസ്ഥർക്ക് മാതൃകാപോലീസ് ആകാനോ ക്രമസമാധാനം ഉറപ്പുവരു ത്താനോ കഴിയുകയില്ല. ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ട പോലീസ് ക്രൂരമായ വിദ്യാർത്ഥിവേട്ടയാണ് നടത്തിക്കൊണ്ടിരി ക്കുന്നത്.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. സംസ്ഥാനത്തെ പോലീസ് സേനയ്ക്ക് കുറഞ്ഞ കാലയളവിനു ള്ളിൽത്തന്നെ ജനങ്ങൾക്കിടയിലും മാധ്യമങ്ങൾക്കിടയിലും നല്ല പേരും

പ്രശസ്തിയും വളർത്തിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. പോലീസിന്റെ നയത്തിലും സ്വഭാവത്തിലും മാറ്റം വരുത്താനും പോലീസിന്റെ ആത്മധൈര്യം വർദ്ധിപ്പിക്കാനും ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോഴൊക്കെയാണ് പോലീസിന് നീതി ലഭ്യമാകുന്നത്. പോലീസുകാർക്ക് ആധുനിക വാഹനങ്ങൾ നൽകുകയും അവരുടെ യൂണിഫോം കാലോചിതമായി പരിഷ്ക്കരിക്കുകയും വേണം. സംസ്ഥാനത്തെ പ്രധാനപ്പെട്ട സിറ്റികളിലും കണ്ണൂരിലെ പാർട്ടി ഗ്രാമങ്ങളിലും സി.സി.ടി.വി. സ്ഥാപിച്ച് ക്രിമിനലുകളെ കണ്ടെത്തണം. സംസ്ഥാനത്തെ ജയിലുകളിൽ സ്ഥാപിച്ചിരുന്ന ഫോട്ടോകളും മറ്റും നീക്കം ചെയ്തത് അഭിനന്ദനാർഹമാണ്. കണ്ണൂർ ജയിലിലെ മൊബൈൽ ജാമറിന്റെ പ്രവർത്തനം കാര്യക്ഷമമാക്കണം. ആനുകൂല്യങ്ങളും ആധുനിക സൗകര്യങ്ങളും നൽകി പോലീസ് സേനയെ ശക്തിപ്പെടുത്തണം.

ശ്രീ. എളമരം കരീം: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. വികലമായ പോലീസ് നയംമൂലം സംസ്ഥാനത്ത് ആഭ്യന്തര വകുപ്പ് പരാജയപ്പെട്ടിരിക്കുകയാണ്. അക്രമം നടത്തുന്നവരെ പ്രോത്സാഹിപ്പിക്കുകയും പ്രതിഷേധിക്കുന്ന വിദ്യാർത്ഥികളെ തല്ലുകയും ചെയ്യുന്ന പോലീസിന്റെ ക്രൂരത ന്യായാകരിക്കാനാവില്ല നിയമവാഴ്ച സംരക്ഷിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കണം. നിഷ്പക്ഷമായിരുന്ന പോലീസ് സംവിധാനത്തെ ഈ സർക്കാർ തകർത്തിരിക്കുകയാണ്. പോലീസിനെ രാഷ്ട്രീയവൽക്കരിച്ചതിലൂടെ അവർക്ക് നിഷ്പക്ഷവും നീതിപൂർവ്വകവുമായി പ്രവർത്തിക്കാൻ കഴിയുന്നില്ല. ഏതൊക്കെ കൊലപാതക കേസുകളാണ് ഗവൺമെന്റ് ജുഡീഷ്യൽ കമ്മീഷനെവച്ച് പുനരന്വേഷിക്കുന്നതെന്ന് വ്യക്തമാക്കണം. മനസ്സാക്ഷിയെ

ഞെട്ടിക്കുന്ന അതിക്രമങ്ങളാണ് വിദ്യാർത്ഥികൾക്കുനേരെ പോലീസ് നടത്തുന്നത്. ക്രമസമാധാനനില തകർത്തുകൊണ്ട് നിയമവാഴ്ച സംരക്ഷിക്കാത്ത നടപടികളുമായിട്ടാണ് ഈ ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. വർഗ്ഗീയ സംഘർഷങ്ങൾ ഒഴിവാക്കാനും ജീവന് ഭീഷണിയുള്ളവർക്ക് സംരക്ഷണം നൽകാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ശിവദാസൻ നായർ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രമാദമായ കൊലക്കേസുകൾ തെളിയിക്കുവാനും പ്രതികളെ നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാനുംകഴിഞ്ഞ കേരള പോലീസിനെയും അതിന് നേതൃത്വം കൊടുക്കുന്ന ആഭ്യന്തര വകുപ്പു മന്ത്രിയേയും അഭിനന്ദിക്കുന്നു. ക്രിമിനൽ കേസുകളുമായി ബന്ധമുള്ള 533 പോലീസ് ഉദ്യോഗസ്ഥന്മാർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു സർക്കാർ വ്യക്തമാക്കണം. ടി.പി.ചന്ദ്രശേഖരൻ, അബ്ദുൾ ഷുക്കൂർ, ഫസൽ എന്നിവർ കൊലചെയ്യപ്പെട്ട കേസ്സുകളിലെ പ്രതികളെ തക്കസമയത്ത് കണ്ടെത്തി നിയമത്തിന്റെ മുമ്പിൽ കൊണ്ടുവരാൻ കഴിഞ്ഞത് പോലീസ് സേനയുടെ കാര്യക്ഷമതയ്ക്ക് ഉദാഹരണമാണ്. ഈ കേസുകളിൽ കൊലപാതകം ആസൂത്രണം ചെയ്യുന്നവർ തന്നെ പ്രതികളേയും കാട്ടിക്കൊടുക്കുന്നുവെന്നത് വിരോധാഭാസമാണ്. ജയകൃഷ്ണൻ കേസ് പുനരന്വേഷിച്ച് യഥാർത്ഥ ഘാതകരെ നിയമത്തിന്റെ മുന്നിൽ കൊണ്ടുവരണം. പരുമല കോളേജിലെ സംഭവം അന്വേഷിച്ച പോലീസ് ഉദ്യോഗസ്ഥർ പോലീസ് സേനയ്ക്ക് തന്നെ അപമാനമാണെന്നാണ് ഹൈക്കോടതി വിമർശിച്ചത്. ഈ കേസുകളിലൊക്കെ പ്രതികൾക്ക് രക്ഷപ്പെടാൻ പഴുതുണ്ടാക്കിയ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കണം. രാഷ്ട്രീയ നേതൃത്വങ്ങളിൽ കടന്നുകൂടിയിട്ടുള്ള ക്രിമിനൽവൽക്കരണവും അക്രമവാസനയും ഗൂഡാലോച

നയും അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണം. 2008-ൽ നടത്തിയ പ്രസംഗത്തിന്റെ പേരിൽ ഒരു എം.എൽ.എ. കൊലപാതകത്തിന് കൂട്ടു നിൽക്കുന്നുവെന്ന് പറയുന്നത് അവിശ്വസനീയമാണ്. പത്തനംതിട്ടയിൽ പോലീസ് ക്യാന്റീൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. കെ.കെ. ജയചന്ദ്രൻ: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഈ ഗവൺമെന്റ് രാഷ്ട്രീയ എതിരാളികളെ താറടിക്കാനും നിർവീര്യമാക്കാനും പോലീസിനെ ഉപയോഗിക്കുന്നത് ശരിയല്ല. വിദ്യാർത്ഥി സമൂഹത്തെ മർദ്ദി ച്ചൊതുക്കുന്ന സമീപനത്തോട് യോജിക്കാൻ സാധിക്കില്ല. ടി.പി. ചന്ദ്രശേഖരൻ വധത്തെ ഉപയോഗപ്പെടുത്തി എൽ.ഡി.എഫ്.ന്റെ നേതാക്കൻമാരേയും പ്രവർത്തകരേയും കള്ളക്കേസുകളിൽ കുടുക്കാനും മാർക്സിസ്റ്റ് പാർട്ടിയെ അപകീർത്തിപ്പെടുത്താനുമുള്ള ശ്രമമാണ് ഇവിടെ നടക്കുന്നത്. മത്സ്യത്തൊഴിലാളികളെ വെടിവച്ചു കൊന്ന കേസിലെ പ്രതികളായ ഇറ്റാലിയൻ നാവികർക്ക് പോലീസ് എല്ലാ സൗകര്യങ്ങളും ചെയ്തുകൊടുത്തത് അപലപനീയമാണ്. പ്രഭുദയ എന്ന കപ്പലിന്റെ ക്യാപ്റ്റൻ നടത്തിയ വിരുന്നുസൽക്കാരത്തിൽ സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാർ പങ്കെടുത്തത് കേരളീയർക്ക്തന്നെ അപമാനകരമാണ്. തൊടുപുഴയിൽ ശ്രീ. എം.എം.മണി നടത്തിയ പ്രസംഗത്തിന്റെ ഒരു എപ്പി സോഡ് മാത്രം അടർത്തിയെടുത്ത് അത് ഹൈലൈറ്റ് ചെയ്ത്, അവിടെ പറഞ്ഞ സംഭവങ്ങൾ അന്വേഷിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചത് അപഹാ സ്യമാണ്. മുല്ലപ്പെരിയാർ പ്രശ്നത്തിന്റെ പേരിൽ ഇടുക്കിയിലുണ്ടായ പ്രക്ഷോഭത്തിന്റെ മറവിൽ താഴേക്കിടയിലുള്ള ചില കോൺഗ്രസ്സ് നേതാ ക്കൾ തമിഴ് ന്യൂനപക്ഷക്കാരെ ആക്രമിക്കാൻ ശ്രമിച്ച സംഭവങ്ങളുടെ ഫല മായാണ് അനീഷ് രാജ് കൊല്ലപ്പെടാൻ ഇടയായത്. ഈ കൊലപാതകത്തിൽ

പ്രതികളായ കോൺഗ്രസ്സ് പ്രവർത്തകരെ അറസ്റ്റ് ചെയ്യാൻ നടപടി സ്വീകരിക്കാതെ കേസ്സ് അട്ടിമറിക്കാൻ ഗൂഢാലോചന നടത്തിയതിൽ പാർട്ടിയുടെ ജില്ലാ നേതാക്കൻമാരുടെ ഇടപെടൽ നടന്നിട്ടുണ്ട്. കൊലപാതകികളെ സംരക്ഷിക്കുകയും രാഷ്ട്രീയ പ്രസ്ഥാനങ്ങളെ അമർച്ച ചെയ്യുകയും ചെയ്യുന്ന നടപടി അവസാനിപ്പിക്കണം.

<u>ശ്രീ. എം. ഉമ്മർ</u> : ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. തൃശ്ശൂരിൽ ഉൾപ്പെടെ കേരളത്തിൽ നടന്ന കൊലപാതകക്കേസ്സിലെ പ്രതികളെ 24 മണിക്കൂറിനുള്ളിൽ കണ്ടെത്താൻ കഴിഞ്ഞുവെന്നുള്ളത് പോലീസ് ഡിപ്പാർട്ടുമെന്റിന്റെ നേട്ടമായി കരുതുന്നു. പ്രതികളെ കോടതിയിൽ ഹാജരാക്കാതെ പോലീസ് തന്നെ ശിക്ഷ നടപ്പാക്കുന്ന സമ്പ്രദായമായിരുന്നു കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവർത്തിച്ചുവന്നിരുന്നത്. ഈ സർക്കാരിന്റെ സമീപനത്തിന്റെ ഫലമായി ലോക്കപ്പ് മരണങ്ങളോ കസ്റ്റഡി മരണങ്ങളോ കഴിഞ്ഞ ഒരു വർഷത്തിനിടയിൽ ഉണ്ടായിട്ടില്ല. താൽക്കാലികമായ നിലനിൽപ്പിനുവേണ്ടി ഒരു ജനപ്രതിനിധിയെ കൊലയാളിയായി ചിത്രീകരിച്ചുകൊണ്ട് പ്രതിപക്ഷം സഭാനടപടികൾ തടസ്സപ്പെടുത്തിയത് ശരിയായില്ല. രാജ്യത്ത് വർഗ്ഗീയ കലാപമുണ്ടാക്കുന്നതിനായി ബോധപൂർവ്വമായ ശ്രമങ്ങളാണ് എൽ.ഡി.എഫ്. നടത്തുന്നത്.

<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്തെ ആഭ്യന്തരവകുപ്പിനെ ഇന്ത്യയിലെ ഏറ്റവും നല്ല വകുപ്പായി കേന്ദ്രഗവൺമെന്റ് അംഗീകരിച്ചിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്ന് ഒരു കൊല്ലം കഴിഞ്ഞപ്പോൾത്തന്നെ ആഭ്യന്തര ക്രമസമാധാനപാലനരംഗത്ത് കേരളം ഇന്ത്യയിൽ നാലാം സ്ഥാനത്തായിരിക്കുന്നു. തിരുവനന്തപുരത്ത് ഇന്നലെ പോലീസ്

വിദ്യാർത്ഥികളെ വളരെ നിഷ്ഠൂരമായി മർദ്ദിച്ചു. നിയമവിരുദ്ധമായ സംഘംചേരൽ ഉണ്ടായാൽ അത് ഒഴിവാക്കി പിരിഞ്ഞുപോകണമെന്ന് പറയേണ്ടത് പോലീസ് പാലിക്കേണ്ട വ്യവസ്ഥയാണ്. രാഷ്ട്രീയത്തിനതീതമായി സംസ്ഥാനത്ത് ഒരേ തരത്തിലുള്ള നീതിയും ന്യായവും നടപ്പിലാക്കാൻ കഴിയണം. ആഭ്യന്തര വകുപ്പ് മനുഷ്യാവകാശ കമ്മീഷൻ റിപ്പോർട്ടുകളെ അവഗണിക്കുന്നത് ശരിയല്ല. പോലീസ് സേനയുടെ നടപടികളെ മാത്രം ന്യായീകരിക്കുന്ന സമീപനമാണ് സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകുന്നത്. ഏറ്റവും മോശപ്പെട്ട പോലീസ് സേനയാണ് കേരളത്തിലുള്ളതെന്ന് ഹൈക്കോടതി പരാമർശിച്ചത് വിസ്മരിക്കത്തക്കതല്ല. പോലീസ് സേനയിലെ കൊടും ക്രിമിനലുകളെ കണ്ടെത്തി സർവ്വീസിൽനിന്ന് പുറത്താക്കണം. സംസ്ഥാനത്തെ ക്രമസമാധാന നില തകർന്ന് ജനങ്ങൾക്ക് സ്വൈര്യ ജീവിതം നയിക്കാൻ സാധിക്കാത്ത സ്ഥിതി സംജാതമായിരിക്കുകയാണ്. മതതീവ്രവാദികളുടെ കടന്നുകയറ്റമുണ്ടാകുന്നു. പോലീസ് സേനയുടെ ട്രെയിനിംഗ് സമ്പ്രദായം കാലോചിതമായി പരിഷ്ക്കരിക്കണം. സ്റ്റുഡന്റ്സ് പോലീസ് സംവിധാനം സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളിലും വ്യാപകമാക്കണം. പോലീസ് സേനയെ രാഷ്ടീയ ആയുധമാക്കുന്ന പ്രവണത യു.ഡി.എഫ്. ഉപേക്ഷിക്കണം.

ശ്രീ. ബെന്നി ബെഹനാൻ : ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കേരളത്തിലെ പോലീസ് സേനയുടെ നയങ്ങളെ ദൃഢപ്പെടുത്തുന്ന വിധത്തിലുള്ള നിർദ്ദേശങ്ങളാണ് സഭയുടെ ഇരുഭാഗത്തുനിന്നുമുണ്ടായിട്ടുള്ളത്. എഫ്.ഐ.ആർ.-ൽ പ്രതി ചേർക്കപ്പെട്ട ഭരണ-പ്രതിപക്ഷ അംഗങ്ങളോട് നിഷ്പക്ഷ സമീപനമാണ് യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിക്കുന്നത്. നിഷ്പക്ഷമായും നീതിപൂർവ്വമായും അന്വേഷണം നടത്തി ഏത് കേസ്സും

തെളിയിക്കാൻ കഴിയുന്ന ശക്തിയും ആർജ്ജവവുമുള്ള പോലീസ് സേനയാണ് ഇന്ന് കേരളത്തിലുള്ളത്. രാഷ്ട്രീയ കൊലക്കേസ്സുകൾ ഉൾപ്പെടെ വിവിധ കൊലക്കേസ് പ്രതികളെ നിയമത്തിനുമുന്നിൽ എത്തിക്കാനുള്ള കേരള പോലീസിന്റെ പ്രവർത്തനം അഭിനന്ദാർഹമാണ്. അഭിപ്രായ ഭിന്നതകളുള്ളവരെ ഉന്മൂലനം ചെയ്യുന്ന പ്രവണത രാഷ്ട്രീയ പാർട്ടികൾ പിന്തുടരുന്നത് ശരിയല്ല. സംസ്ഥാനത്തുനടന്ന വിവിധ രാഷ്ട്രീയ കൊലപാതക കേസ്സുകളിലെ യഥാർത്ഥ പ്രതികളെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ സർക്കാർ നടപടി സ്വീകരിക്കണം. കമ്മ്യൂണിസ്റ്റ് പാരമ്പര്യത്തിൽനിന്നും ഫാസിസത്തിലേയ്ക്കുള്ള യുഗമാറ്റമാണ് ഇപ്പോൾ ഇടതുപക്ഷ ജനാധിപത്യ മുന്നണി നടത്തിക്കൊണ്ടിരിക്കുന്നത്. തൃക്കാക്കര നിയോജകമണ്ഡലത്തിൽ സൈബർ സെൽ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>: ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഭൂരിപക്ഷമുണ്ടായിരുന്ന ആദ്യ ഇ.എം.എസ്. ഗവൺമെന്റിനെ വിമോചന സമരവും അക്രമ സമരവും നടത്തി പിരിച്ചുവിട്ട പാരമ്പര്യമുള്ള കോൺഗ്രസ്സുകാർക്ക് ജനാധിപത്യത്തെക്കുറിച്ച് സംസാരിക്കാൻ അവകാശമില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കൊലയാളികളെ സംരക്ഷിക്കുന്ന നിലപാട് സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ ഒരു വർഷത്തെ ഭരണത്തിനിടയിൽ രണ്ട് ആഭ്യന്തര മന്ത്രിമാരാണ് ധനാഭ്യർത്ഥനകൾ അവതരിപ്പിച്ചിരിക്കുന്നത്. ഡി.ജി.പി. മാരുടെ എണ്ണം ഒരു വർഷംകൊണ്ട് ആറായി വർദ്ധിച്ചിരിക്കുന്നു. ആഭ്യന്തര വകുപ്പിനെക്കുറിച്ച് കോൺഗ്രസ്സിലുള്ളവർ തന്നെ പരാതി പറയുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. നിരന്തരമായ സ്ഥലംമാറ്റം കാരണം പോലീസ് ഓഫീസർമാർക്ക് സ്വതന്ത്രമായി പ്രവർത്തിക്കാൻ കഴിയുന്നില്ലെന്ന അഭി

പ്രായം വ്യാപകമായിരിക്കുകയാണ്. പല കേസുകളും രജിസ്റ്റർ ചെയ്യുന്നത് യു.ഡി.എഫ്.ന്റെ തീരുമാനപ്രകാരമാണ്. കേരളത്തിലെ ക്രമസമാധാന നിലയാകെ തകർന്നിരിക്കുകയാണ്. നെയ്യാറ്റിൻകര ഉപതെരഞ്ഞെടുപ്പിൽ 39% വോട്ടാണ് കോൺഗ്രസ്സിന് ലഭിച്ചത് എന്നതിൽനിന്ന് 60% ജനങ്ങളും യു.ഡി.എഫ്.-ന് എതിരായിട്ടാണ് വോട്ടു ചെയ്തതെന്ന് മനസ്സിലാക്കണം. പോലീസ് സ്റ്റേഷൻ പരിധിയിൽപ്പോലും കവർച്ചകൾ വർദ്ധിക്കുന്ന സ്ഥിതിവിശേഷത്തിന് പരിഹാരമുണ്ടാകണം. സദാചാര പോലീസ് ചമഞ്ഞ് നടക്കുന്നവരെ പിടികൂടിയില്ലെങ്കിൽ കേരളം അരാജകത്വത്തിലേക്ക് നീങ്ങുമെന്നുള്ളതിന് സംശയമില്ല. കേരളത്തിൽ ക്വട്ടേഷൻ ആക്രമണങ്ങളും തീവ്രവാദ പ്രവർത്തനങ്ങളും ശക്തിപ്പെടുന്നതിനാൽ ഇത്തരം പ്രശ്നങ്ങളെ ഗൗരവമായി കാണാൻ ഗവൺമെന്റ് തയ്യാറാകണം. മുസ്ലീം ലീഗിന്റെ സമ്മർദ്ദത്തിനുവിധേയമായി എഫ്.ഐ.ആർ.-ൽ പേരുള്ള പ്രതിയെ അറസ്റ്റ് ചെയ്യേണ്ട എന്ന മുഖ്യമന്ത്രിയുടെ വാദം നിലനിൽക്കുന്നതല്ല. ടി.പി. ചന്ദ്രശേഖരൻ വധത്തിൽ സി.പി.എം.-ൽപ്പെട്ട ആർക്കെങ്കിലും പങ്കുണ്ടെന്ന് തെളിയിച്ചാൽ അവരെ പാർട്ടിയിൽ നിന്ന് ഒഴിവാക്കുന്നതായിരിക്കും. സി.പി.എം. നേതാക്കളെ കള്ളക്കേസുകളിൽ കുടുക്കി ഇല്ലാതാക്കാനുള്ള ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ശ്രമം വൃഥാവിലാകും. വിദ്യാർത്ഥികൾക്കെതിരായി നടക്കുന്ന അക്രമം അവസാനിപ്പിക്കാനും അവരുമായി ചർച്ചചെയ്ത് പ്രശ്നപരിഹാരം കണ്ടെത്താനും തയ്യാറാകുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി <u>(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)</u>: സംസ്ഥാനത്ത് സൈബർ കുറ്റങ്ങൾ കൂടിവരുന്ന സാഹചര്യത്തിൽ സ്ത്രീകളുടെ സ്വകാര്യതയും അന്തസ്സും സംരക്ഷിക്കുന്ന

തിനു വേണ്ടിയുള്ള ശക്തമായ നടപടി സ്വീകരിക്കും. അപരിചിതരായിട്ടുള്ള ആളുകളെ തിരിച്ചറിയുന്നതിനും മറുനാടൻ തൊഴിലാളികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുംവേണ്ടി രജിസ്ട്രേഷൻ നടപടികളെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്. പ്രായാധിക്യമുള്ളവരെ സംരക്ഷിക്കുന്നതിനുവേണ്ടി അവർ താമസിക്കുന്ന വീടുകളിൽ നിന്ന് ഫോൺ വിളിച്ചാൽ വീട്ടിലെത്തി കേസ് രജിസ്റ്റർ ചെയ്യാൻ കഴിയത്തക്കവിധത്തിലുള്ള നടപടികൾ സ്വീകരിക്കും. വിമൺ ക്രൈം റെസ്പോൺസ് യൂണിറ്റ് പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ട് ഏർപ്പെടുത്താനും പ്രമുഖ വ്യാപാര വ്യവസായ സ്ഥാപനങ്ങളുടെ സർവയലൻസ് സിസ്റ്റം പോലീസ് കൺട്രോൾ റൂമിൽ 24 മണിക്കൂറും മോണിട്ടർ ചെയ്യത്തക്കവിധത്തിൽ നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. സ്പീഡ് ഡിറ്റെക്ഷൻ ആന്റ് ട്രാഫിക് സർവയലൻസ് ക്യാമറകൾ ഗതാഗത വകുപ്പുമായി ആലോചിച്ച് നടപ്പിലാക്കുന്നതാണ്. കാസർഗോഡ് പാക്കേജിന്റെ അടിസ്ഥാനത്തിൽ 175 പുതിയ പോസ്റ്റുകളുണ്ടാക്കി ക്രമസമാധാനം ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. എല്ലാ ജില്ലകളിലും പോലീസ് ക്യാന്റീൻ ഉണ്ടാക്കാനും ക്രൈം ഇൻവേസ്റ്റിഗേഷൻ യൂണിറ്റുകൾ സ്വതന്ത്രവും പ്രൊഫഷണലുമായ ഒരു ഇൻവെസ്റ്റിഗേറ്റിംഗ് ഏജൻസി ആക്കുന്നതിനുള്ള നടപടി സ്വീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ശ്രീപത്മനാഭ ക്ഷേത്രത്തിന്റെ വമ്പിച്ച സുരക്ഷ കണക്കിലെടുത്ത് 23 കോടി രൂപയുടെ സമഗ്ര സുരക്ഷാ പദ്ധതി മൂന്നുഘട്ടമായി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കും. സ്ഥിരം കുറ്റവാളികളുടെ തടവുകാലാവധി ഒരു വർഷമായി വർദ്ധിപ്പിക്കാനും . സെൻട്രൽ ജയിലുകളിലും ജില്ലാ ജയിലുകളിലും ജൂലായ് ഒന്നാം തീയതി മുതൽ ക്യാമറവച്ച് വീഡിയോ കോൺഫറൻസിംഗും അതോടൊപ്പം അവരുടെ ട്രയലും നടത്തു

ന്നതിനുവേണ്ടിയുള്ള പ്രാരംഭ നടപടികൾ സ്വീകരിക്കാൻ തീരുമാനിച്ചിട്ടു ണ്ട്. പ്രിസൺ റൂൾസ് കാലോചിതമായി പരിഷ്ക്കരിക്കും. ജയിലുകളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും തിരുവനന്തപുരം, . തൃശ്ശൂർ, കോഴി ക്കോട് ജില്ലാ ജയിലുകളിൽ ആരംഭിച്ച ഭക്ഷണ പദ്ധതി മറ്റ് സ്ഥലങ്ങളിലേ യ്ക്കുകൂടി വ്യാപിപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കും. 302-ാം വകുപ്പുപ്രകാരമുള്ള കേസിൽ പ്രതികളായിട്ടുള്ള ആളുകൾ രണ്ടാമത് ഒരി ക്കൽകൂടി ഒരു മർഡർ കേസിലോ മറ്റ് കുറ്റകൃത്യത്തിലോ ഏർപ്പെടുകയാണെങ്കിൽ അവരെ സോണിൽനിന്ന് മാറ്റിത്താമസിപ്പിക്കുന്നതാ ണ്. ഈ വർഷം ജയിലിന്റെ പരിഷ്ക്കരണത്തിനുവേണ്ടി 109 കോടി രൂപ മാറ്റിവയ്ക്കാൻ തീരുമാനിച്ചിട്ടുണ്ട്. മലപ്പുറം ജില്ലാ ജയിലിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള മേൽനടപടി സ്വീകരിക്കുന്നതാണ്. പോലീസിൽഎല്ലാസ്ഥലത്തും ഡയറക്ടറായി ഐ.പി.എസ്.കാരെ നിയമി ക്കാറില്ല. തിരുവനന്തപുരം കോർപ്പറേഷൻ ഓഫീസിലെ 6 വനിതാ കൗൺസിലർമാരെ ആക്രമിച്ചത് സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരി ക്കും. പമ്പയാറ്റിൽ മൂന്ന് കുട്ടികൾ മരിക്കാനിടയായ സംഭവത്തിന്റെ നിയ മവശങ്ങൾപരിശോധിച്ച് നടപടി സ്വീകരിക്കും. പോലീസുകാരുടെ ട്രെയി നിംഗ്പീരിയഡ് സർവ്വീസിന്റെ ഭാഗമായി മാറ്റും. സംസ്ഥാനത്ത് ഇപ്പോൾ പ്രധാനപ്പെട്ട സ്ഥലങ്ങളിൽസി.സി.ടി.വി. സ്ഥാപിച്ചിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റിലുള്ള 15 വർഷം കഴിഞ്ഞ 1500 വാഹനങ്ങൾ റീപ്ലേസ് ചെയ്യുന്നകാര്യം ധനകാര്യ വകുപ്പുമായും മുഖ്യമന്ത്രിയുമായും ആലോചിച്ച് തീരുമാനിക്കും. പോലീസിൽ 533 ക്രിമിനലുകളുണ്ടെന്ന് പറയുന്നത് ശരിയ ല്ല.ക്രിമിനൽ കുറ്റങ്ങളിൽ നേരിട്ട് പങ്കെടുത്തവരും അല്ലാത്തവരുമുണ്ട്.

പോലീസ് ഡിപ്പാർട്ടുമെന്റിൽ 0.03 ശതമാനം ആളുകൾ മാത്രമാണ് ക്രിമിനൽ കുറ്റവാളികളായി എത്തിയിട്ടുള്ളത്. ഒഞ്ചിയത്ത് നടന്ന അക്രമത്തിൽ 72 വീടുകൾക്ക് നേരെ അക്രമങ്ങളുണ്ടായിട്ടുണ്ട്. 21 വാഹനങ്ങൾ നശിപ്പിച്ചിട്ടുണ്ട്. അതിൽ 72 കേസ് രജിസ്റ്റർ ചെയ്യുകയും 235 പ്രതികളെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആവശ്യമുള്ളവർക്ക് പോലീസ് പ്രൊട്ടക്ഷൻ കൊടുക്കുന്ന ഗവൺമെന്റാണിത്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം തുടർ നടപടികൾ ബഹിഷ്കരിച്ച് സഭവിട്ട് പുറത്തുപോയി)

ടി.പി.ചന്ദ്രശേഖരൻ വധക്കേസിലെ പ്രതികളെ യാതൊരുവിധ ദേഹോ പദ്രവവും ഏല്പിക്കാതെ ശാസ്ത്രീയമായ രീതിയിലുള്ള തെളിവെടുപ്പാണ് നടത്തുന്നത്. അന്വേഷണ ഉദ്യോഗസ്ഥരെ ഭീഷണിപ്പെടുത്തുന്ന നിലപാട് അനുവദിക്കാൻ കഴിയില്ല. പ്രസ്തുത കേസിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥർക്ക് വേണ്ട സ്വാതന്ത്ര്യം ഗവൺമെന്റ് നൽകിയിട്ടു ണ്ട്. അന്വേഷണ സംഘവുമായി ഗവൺമെന്റ് യാതൊരു ഇടപെടലും ഇതു വരെ നടത്തിയിട്ടില്ല. എം.എം.മണിയുടെ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട സത്യാവസ്ഥയെക്കുറിച്ച് അന്വേഷിക്കാൻ സത്യസന്ധരായ ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുണ്ട്. കൊലപാതകം അവസാനിപ്പിക്കാനും ജനങ്ങൾക്ക് സ്വതന്ത്രമായി ജീവിക്കാനും സഭ ഒന്നടങ്കം ഇത്തരം അക്രമ ങ്ങളെ എതിർക്കണം. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥി ക്കുന്നു.

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചു.

പോലീസ് എന്ന XII-ാം നമ്പർ ധനാഭ്യർത്ഥനയും ജയിലുകൾ എന്ന XIII-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 4.24 – ന് പിരിഞ്ഞു.